# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 725 　　　　　　　　15.07.2014-ൽ മറുപടിയ്ക്ക്

## വിവരാവകാശനിയമനടത്തിപ്പിന്റെ കാര്യക്ഷമത

| | **ചോദ്യം**<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>,, സി. മോയിൻകുട്ടി<br>,, കെ. എൻ. എ. ഖാദർ<br>,, സി. മമ്മൂട്ടി | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വിവരാവകാശനിയമനടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | വിവരാവകാശനിയമം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിയമത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും വിവരാവകാശ വാരാചരണത്തിന്റെ ഭാഗമായി ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് യോഗങ്ങളും തിരുവനന്തപുരം IMG യുമായി സഹകരിച്ച് സർക്കാർ വകുപ്പുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും അപ്പീൽ അധികാരികൾക്കും സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുന്നുണ്ട്.<br>സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഫുൾ കമ്മീഷൻ യോഗം എല്ലാ മാസങ്ങളിലും കൂടുകയും കമ്മീഷൻ പ്രവർത്തനം അവലോകനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ലഭിക്കുന്ന അപ്പീലുകളിലും പരാതികളിലും ഹിയറിംഗ് നടത്തി എത്രയും പെട്ടെന്ന് പരാതികൾ/അപ്പീലുകൾ തീർപ്പാക്കാറുണ്ട്. കൂടാതെ ജില്ലകൾ തോറും സിറ്റിംഗ് നടത്തിയും വീഡിയോ കോൺഫറൻസിംഗ് മുഖാന്തിരവും പരമാവധി പരാതികൾ/ അപ്പീലുകൾ കമ്മീഷൻ തീർപ്പാക്കുന്നുമുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ കമ്മീഷന്റെ ഭാഗത്തുനിന്നും ശുപാർശകളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്നും അക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; | (ബി) യും (സി) യും | ഉണ്ട്. വിവരാവകാശ നിയമം കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന വിവരാവകാശ കമ്മീഷൻ താഴെപ്പറയുന്ന ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ട്.<br>1. സംസ്ഥാന സർവ്വീസിലെ വകുപ്പ്തല പ്രൊമോഷന് വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വകുപ്പ് തല പരീക്ഷയിലെ സിലബസിൽ വിവരാവകാശ നിയമം ഒരു പ്രത്യേക പേപ്പറായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ യഥാസമയം വിവരം നൽകാതെ കമ്മീഷനിൽ നിന്നും പിഴ ചുമത്തപ്പെട്ട ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ പ്രസ്തുത വിവരം കൂടി ഉൾപ്പെടുത്തുകയും ആയത് വകുപ്പുതല പ്രൊമോഷന് മാനദണ്ഡമാക്കുകയും വേണം എന്നും സംസ്ഥാന |
| (സി) | ഇല്ലെങ്കിൽ ശുപാർശ അംഗീകരിക്കാതിരിക്കാനുള്ള കാരണം വിശദമാക്കുമോ ? | | |

വിവരാവകാശ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

2. 2005-ലെ വിവരാവകാശ നിയമത്തിലെ വകുപ്പ് 20(1) പ്രകാരം പിഴ ശിക്ഷ ചുമത്തപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഒടുക്കുന്നതിന് മുമ്പ് തന്നെ സർവ്വീസിൽ നിന്നും വിരമിക്കുന്ന പക്ഷം അവരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. ഈ വിഷയം കണക്കിലെടുത്ത് വിരമിച്ച ഉദ്യോഗസ്ഥരിൽ നിന്നും റവന്യൂ റിക്കവറി ആക്ട് പ്രകാരം പിഴ തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാമോ എന്ന് പരിശോധിക്കുന്നതിനുള്ള ശുപാർശയും കമ്മീഷൻ നൽകിയിട്ടുണ്ട്.

വകുപ്പുതല പരീക്ഷകളിൽ വിവരാവകാശ നിയമം പാഠ്യവിഷയമാക്കണമെന്ന ശുപാർശയിന്മേൽ സർക്കാർ പി.എസ്.സി. യുടെ സമഗ്രമായ അഭിപ്രായം തേടിയിരിക്കുകയാണ്.

വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിന് നിയമത്തിൽ തന്നെ വ്യവസ്ഥകളുണ്ട്. ഇതു പ്രകാരം ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ പിഴയടക്കമുള്ള ശിക്ഷാ നടപടികൾ എടുത്തു വരുന്നുണ്ട്.

സർവ്വീസിൽ നിന്നും വിരമിച്ചതും പെൻഷന് അർഹതയില്ലാത്തതുമായ ഉദ്യോഗസ്ഥന്മാരിൽ നിന്നും റവന്യൂ റിക്കവറി ആക്ട് പ്രകാരം പിഴ ഈടാക്കുന്നതിനുള്ള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നിർദ്ദേശം സർക്കാർ പരിശോധിക്കുകയും. വിവരാവകാശനിയമ പ്രകാരം ചുമത്തുന്ന പിഴ, കേരള റവന്യൂ റിക്കവറി ആക്ടിലെ 71-ാം വകുപ്പിന്റെ പൊതു സ്വഭാവത്തിനും വ്യാപ്തിക്കുമുള്ളിൽ വരുന്നതല്ല എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശുപാർശ സർക്കാർ നിരസിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ